# GMLPS KALLAMOOLA

# Academic Master Plan.

## 2025-26

"WHERE DREAMS BEGIN, AND FUTURE GROW"

# താളുകളിലൂടെ

ആമുഖം
സ്കൂൾ പ്രൊഫൈൽ
സ്കൂൾ പ്രവേശന വിശകലനം
അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം
അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്
അക്കാദമിക മാസ്റ്റർ പ്ലാൻ പരിസരപഠനം
അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം
അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്
C.W.S.N കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ
ആരോഗ്യ കായിക വിദ്യാഭ്യാസം
സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ
കായികശേഷി വികസനം
പരിസ്ഥിതി ശുചിത്വം പ്രാദേശിക വിഭവ സംരക്ഷണം.
പുതുതായി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ
മോണിട്ടറിംഗ് സമിതി

# ആമുഖം

ചരിത്രപ്രസിദ്ധമായ മലപ്പുറം ജില്ലയിലെ പടയോട്ടത്തിന്റെയും കുടിയേറ്റത്തിന്റെയും കഥകൾ പറയുന്ന നിലമ്പൂർ താലൂക്കിലെ ചോക്കാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട പ്രകൃതി മനോഹരമായ ഒരു പ്രദേശമാണ് കല്ലാമൂല. പതിറ്റാണ്ടുകളായി ഈ മലയോര ഗ്രാമത്തിലെ വിവിധ തലമുറകൾക്ക് അറിവിന്റെ അക്ഷരവെളിച്ചം പകർന്നുനൽകി തിളങ്ങി വിളങ്ങി നിൽക്കുകയാണ് കല്ലാമൂല ജി.എം.എൽ.പി.സ്കൂൾ.

1956ൽ പരേതനായ ശ്രീമാൻ കുന്നുമ്മൽ ചോഴിയുടെ വീട്ടിൽ ഏകാധ്യാപക വിദ്യാലയമായിട്ടാണ് ഈ മഹത് സ്ഥാപനം ആരംഭിച്ചത്. ശ്രീമാൻ ചിത്തരഞ്ജൻ മാസ്റ്റർ ആയിരുന്നു പ്രഥമ അധ്യാപകൻ. പിന്നീട് 1958ൽ ഇപ്പോൾ സ്കൂൾ സ്ഥിതി ചെയ്യുന്ന ശ്രീമാൻ കുന്നുമ്മൽ ചോഴി വക സ്ഥലത്ത് രണ്ട് ക്ലാസ് മുറികൾ ഉള്ള ഒരു പുതിയ കെട്ടിടം നിർമ്മിക്കുകയും സ്കൂൾ അങ്ങോട്ട് മാറുകയും ചെയ്തു. പടിപടിയായി നാല് വരെയുള്ള ക്ലാസുകൾ നിലവിൽ വന്നു.

ശ്രീ കുന്നുമ്മൽ ചോഴിക്ക് പുറമെ ശ്രീ അമ്പലക്കുന്ന് നാരായണൻ നായർ കരുവൻതുരുത്തി അലവിക്കുട്ടി ഹാജി കൈതവളപ്പിൽ അഹമ്മദ് തുടങ്ങി നാട്ടുകാരുടെ നിസ്വാർത്ഥ സേവനത്തിനൊപ്പം കല്ലാമൂല മുസ്ലിം ജുമുഅത്ത് പള്ളി ഭാരവാഹികളുടെ നിസ്തുലമായ സഹകരണവും കൊണ്ട് പുരോഗതിയുടെ പടവുകൾ കയറി സ്കൂൾ ഇന്ന് കാണുന്ന വിധത്തിൽ മികവിന്റെ കേന്ദ്രമായി മാറി.

# SCHOOL PROFILE

| | |
|---|---|
| സ്കൂളിന്റെ പേര് | ജി.എം.എൽ.പി.എസ്. കല്ലാമൂല |
| മേൽവിലാസം | മമ്പാട്ടുമൂല(പി.ഒ) കല്ലാമൂല<br>Pin: 679332 |
| ഇ മെയിൽ | kallamoola gmlps @ gmail.com |
| ഫോൺ | 04931 257112 |
| വിദ്യാഭ്യാസ ഉപജില്ല | വണ്ടൂർ |
| വിദ്യാഭ്യാസ ജില്ല | വണ്ടൂർ |
| റവന്യൂ | മലപ്പുറം |
| ഗ്രാമപ്പഞ്ചായത്ത് | ചോക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | കാളികാവ് |
| ജില്ലാ പഞ്ചായത്ത് | മലപ്പുറം |
| താലൂക്ക് | നിലമ്പൂർ |
| വാർഡ് നമ്പർ | 7 മരുതക്കാട് |
| സർവേ നമ്പർ | 312/1B |
| ഭൂവിസ്തൃതി | 1 ഏക്കർ |
| വില്ലേജ് | ചോക്കാട് |
| സ്കൂൾ ഉടമസ്ഥത | സർക്കാർ |
| സ്കൂൾ വിഭാഗം | ലോവർ പ്രൈമറി |
| പഠനമാധ്യമം | മലയാളം |
| സ്കൂൾ കോഡ് | 48512 |
| യുഡൈസ് കോഡ് | 32050300712 |
| പ്രധാനാധ്യാപകൻ | മുഹമ്മദ് മുസ്തഫ.സി |
| പി.ടി.എ പ്രസിഡന്റ് | സമീർ.KM |
| എം.ടി.എ പ്രസിഡന്റ് | സുലൈഖ |
| എസ്.എം.സി. ചെയർമാൻ | പ്രകാശൻ |
| വാർഡ് മെമ്പർ | രാമൻ തിരുത്തുമ്മൽ |

## പഠനപിന്തുണ

എല്ലാമാസവും C.P.T.A യോഗം ചേരുന്നു. എല്ലാ മാസാവസാനവും യൂണിറ്റ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ നിലവാരം വിലയിരുത്തുന്നതിന് വേണ്ടിയും കുട്ടികളെ സംബന്ധിച്ചുള്ള മറ്റുവിവരങ്ങൾ രക്ഷിതാക്കളും അധ്യാപകരും പരസ്പരം പങ്കുവെയ്ക്കുന്നതിനും ചേരുന്ന CPTA മീറ്റിംഗുകൾ കുട്ടികൾക്ക് പഠനപിന്തുണ നൽകുവാൻ സഹായകമാകാറുണ്ട്.

## അക്കാദമിക കാഴ്ചപ്പാട്

എല്ലാ കുട്ടികളും പഠനപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ വിഷയങ്ങളിലും ആർജ്ജിക്കണം. നാലാം ക്ലാസ് കഴിയുമ്പോഴേക്കും ഉയർന്ന പഠനനേട്ടത്തോടൊപ്പം വ്യക്തിശുചിത്വം, വ്യക്തി വികാസം, മൂല്യബോധം, കായികശേഷികൾ എന്നിവയോട് കൂടിയ ആരോഗ്യവാൻമാരായ കുട്ടികൾ ആയിത്തീരണം. അതിനായി വിജയഭേരി, വിജയസ്പർശം, ടാലന്റ് ലാബ്, ആരോഗ്യ ക്ലാസ്, വിവിധ ശിൽപശാലകൾ തുടങ്ങിയവ നടപ്പാക്കും. കുട്ടിക്ക് പിന്തുണ നൽകുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കും. ഇതിനായി കോർണർ ലൈബ്രറി നടപ്പിലാക്കും. മത്സരപരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവയിൽ വിജയം കൈവരിക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കും. ടാലന്റ് വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് പരീക്ഷ നടത്തും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം

| കാര്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാശേഷികൾ പൂർണ്ണതയിലെത്തിക്കൽ<br>പിന്നാക്കം നിൽക്കുന്നവരുടെ പിന്നോക്കാവസ്ഥ മറികടക്കാൻ സഹായിക്കൽ | * പ്രീ ടെസ്റ്റ് നടത്തൽ<br>* വിജയസ്പർശം തുടരൽ<br>* അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നങ്ങൾ നൽകലും അനുയോജ്യമായ വാക്കുകൾ നിർമ്മിക്കലും<br>* അക്ഷര കാർഡ് നൽകൽ<br>* ചിത്രം-അടിക്കുറിപ്പ് മത്സരങ്ങൾ പതിപ്പ്<br>* ചിത്രം - കഥ പറയൽ<br>* കഥ എഴുതൽ<br>* കഥാ പതിപ്പ്<br>* ചിത്രം, കവിത പൂർത്തിയാക്കൽ<br>* മാഗസിൻ നിർമ്മാണം<br>* കഥ, കവിത പുസ്തകങ്ങൾ നൽകൽ<br>* ICT സാധ്യത ഉപയോഗിച്ച് ചിത്രങ്ങളും വീഡിയോകളും കാണിക്കൽ<br>* വാക്യങ്ങൾ എഴുതലും അവതരണവും | ക്ലാസ്സ് 1 to 4<br>ദീർഘകാല പ്രവർത്തനങ്ങൾ | | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഇന്റർനെറ്റ്<br>ഫോട്ടോസ് |

| | | |
|---|---|---|
| സർഗാത്മകതയെ തട്ടിയുണർത്താം | * രചനാശില്പശാല<br>കഥ, കവിത, രചനകൾ.<br>ക്കുള്ള വേദിയൊരുക്കൽ | പതിപ്പുകൾ |
| സാഹിത്യ പ്രതിഭ- കളെ അടുത്തറിയാം | * കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തക ശേഖരണവും പ്രദർശനവും<br>* ചിത്രഗ്യാലറി | ജീവചരിത്രക്കുറിപ്പ് |
| പാഠഭാഗവുമായി ബന്ധപ്പെട്ട കല- കൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയി ലേക്ക് കലാവതരണം.<br>കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയ ങ്ങൾ പ്രദർശനം | കലാകാരന്മാ- രുമായി അഭി- മുഖം. |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ- ങ്ങൾ പരിചയപ്പെ- ടൽ | ഭക്ഷ്യമേള.<br>പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>ക്ലാസിലൊരു സദ്യ, പലഹാരമേള | നാടൻ രുചികൾ പരിചയപ്പെടൽ |

| | | |
|---|---|---|
| അക്ഷരസ്ഫുട-<br>തയോടെയും<br>ലളിതമായും<br>മലയാള ഭാഷ<br>സംസാരിക്കാനും<br>മനസ്സിലാക്കാനു<br>മുള്ള കഴിവ്<br>എല്ലാ കുട്ടികൾ<br>ക്കും. | 1. എല്ലാ കുട്ടികൾക്കും ക്ലാസ്സ് ലൈബ്രറി സൗകര്യം നൽകൽ<br>2. ക്ലാസ്സിൽ വായനാക്കൂട്ടം രൂപീകരിക്കൽ<br>3. സ്കൂളിൽ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തൽ<br>4. വായനക്കുറിപ്പ് എഴുതലും അവതരണവും<br>5. വായനാപതിപ്പ്<br>6. പത്രവായനാ ക്ലാസ്സ് തലവുമായി യോജിച്ച പത്രവാർത്ത തയ്യാറാക്കൽ<br>7. പുസ്തക ചർച്ച<br>8. ഐ.സി.ടി സാധ്യത ഉപയോഗിച്ച് വായനകൾ കേൾക്കാൻ അവസരം<br>9. കഥകളും കവിതകളും സംഭാഷണ ശകലങ്ങളും ICT സാധ്യതയിലൂടെ കേൾക്കാനും കാണാനും അവസരം<br>10. ക്ലാസ്സിൽ വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ<br>11. സമീപ ഗ്രന്ഥശാല സന്ദർശനവും അംഗത്വം നൽകലും | ലൈബ്രറി<br>വായനാക്കുറിപ്പ്<br>പത്രവാർത്ത<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ.<br>വായനാമത്സ-<br>രങ്ങൾ. |

| | |
|---|---|
| 12. അമ്മവായന | |
| 13. പുസ്തക ചർച്ചകൾ സംഘ-ടിപ്പിക്കൽ | |
| 14. എഴുത്തുകാരുമായി അഭിമുഖം നടത്തൽ | |
| 15. വിദ്യാരംഗം കലാസാഹിത്യ-വേദി പ്രവർത്തനം ക്ലാസ്സ് സഭ. | |
| 16. സ്കൂൾ സഭ, ബാലസഭ | ആനുകാലിക പ്രസി-ദ്ധീകരണങ്ങൾ. |
| 17. ദിനാചരണങ്ങൾ | |
| 18. ദിനാചരണങ്ങളിൽ സെമി-നാറുകൾ നടത്തൽ | |
| 19. ആനുകാലിക പ്രസിദ്ധീകര-ങ്ങൾ വായിക്കൽ | കഥ, കവിത പുസ്തക-ങ്ങൾ |
| 20. ഗ്രൂപ്പായി അവതരണത്തിന് അവസരം<br>കഥ, കവിത, നോവൽ, ലേഖനം, ചിത്രകഥകൾ, യാത്രാവിവരണം എന്നിങ്ങനെ തരം തിരിച്ച് | ഇന്റർനെറ്റ് |
| 21. മാഗസിൻ നിർമ്മാണം | |

| | | |
|---|---|---|
| മലയാള ക്ലബ്ബ് നവീകരണം | 1. മലയാള ഭാഷയുടെ ഉന്നമനത്തിനായും വളർച്ചയുടെ പ്രോത്സാഹനവുമായി ബന്ധപ്പെട്ട സർഗാത്മക രചനകൾ എഴുതാനും അവതരിപ്പിക്കാനും അവസരം<br>2. മാഗസിൻ നിർമ്മാണം<br>3. ഭാഷാകേളി നടത്തൽ<br>4. വായനാ കാർഡ് വായിക്കൽ<br>5. ക്വിസ് മത്സരങ്ങൾ നടത്തൽ | മാഗസിൻ<br>വായനാ കാർഡുകൾ |
| കാവ്യകേളി, പ്രസംഗമത്സരം നിമിഷ പ്രസംഗം കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | മലയാള വാണി<br>1. എഴുത്തുകൂട്ട രൂപീകരണം<br>2. ക്ലാസ്സ് ലൈബ്രറി<br>3. പുസ്തക ചർച്ചകൾ<br>4. വായനാ കുറിപ്പുകൾ പതിപ്പാക്കൽ<br>5. സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ്, വായനാ കുറിപ്പ് പുസ്തകം.<br>6. സർഗാത്മക രചനകൾ എഴുതൽ, പുസ്തകം തയ്യാറാക്കൽ. | ക്ലാസ്സ് ലൈബ്രറി<br>വായനാകുറിപ്പിന്റെ മോഡൽ<br>വിവിധ വായനാ പുസ്തകങ്ങൾ |

## എഴുത്തുകൂട്ടം രൂപീകരിക്കൽ

കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കലും പ്രദർശിപ്പിക്കലും

## ആസ്വാദനക്കുറിപ്പ്, വായനാക്കുറിപ്പ്

പാഠഭാഗത്തിലെ പ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായും ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനകുറിപ്പും തയ്യാറാക്കൽ പതിപ്പ് പ്രകാശനം

## സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ കുട്ടിയ്ക്കും ഓരോ ദിവസവും എഴുതാൻ അവസരം. ക്ലാസിൽ അവതരണം. ടീച്ചറുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും ഉൾപ്പെടുത്തൽ.

# ENGLISH

Activities and solutions.

| Key challenges | Solutions |
| --- | --- |
| Lack of confidence in Pronounciation, grammar, spelling and vocabulary. | Primarily we need to understand or recognize what she or he can. Based on this understanding we lead him to confident level through an intrinsic or extrinsic motivation |

To eliminate above mentioned challenges we need to provide a set of activities.

Language lab

For an LP level language we need,

* Letters cards
* Word cards
* Sentence cards
* Letter shapes
* Audios and videos facilities
* Story books
* Puzzles and colouring materials
* Different charts
* English news papers etc

## English club

various programs are conducting under the English club

* Bulletin board
* English language quiz
* English Assembly
* News reading
* English day celebration.
* Classes with experts.

## Spoken English

A one-hour spoken English class is offered weekly to help children improve their English speaking skills.

## Facility for play way learning

This includes picture charts, word charts, letter charts, story charts, letter blocks and language games.

## English Fest

Conducting once in an academic year where ensure all students participation in any one of the program.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| ഗണിതക്ലബ് പരിഷ്കരണം | * ഓരോ ക്ലാസിലും ഗണിത ക്ലബ് രൂപീകരിക്കുന്നു. ആഴ്ചയിലൊരിക്കൽ ക്വിസ്, പാറ്റേണുകൾ, മനഃക്കണക്കുകൾ etc.<br>* ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>* പഠന ഉപകരണങ്ങൾ കണ്ടെത്തുന്നു.<br>* ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>ഗണിത മാഗസിൻ<br>ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ മാഗസിൻ തയ്യാറാക്കുന്നു.<br>ഗണിത ക്വിസ് | ക്ലാസ് ടീച്ചേഴ്സ്<br>എച്ച്-എം |
| | * ആഴ്ചയിലൊരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സ്കൂൾ തലത്തിൽ നടത്തുന്നു. സമ്മാനം നൽകുന്നു.<br>ഉത്തരപ്പെട്ടി<br>* ഗണിത പ്രശ്നങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരം കണ്ടെത്തുവാൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു. വിശകലനം ചെയ്യുന്നു. | |

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| ഗണിതലാബ് | * ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡൽ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത്.<br>ടാൻഗ്രാം നിർമ്മാണം | |
| ക്ലാസ് ലൈബ്രറി | * ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുന്നു. വായിക്കുന്നു. ചർച്ച. ക്ലബ്ബ് യോഗങ്ങളിൽ അവതരണം. | |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>* ചോദ്യാവലി ഉണ്ടാക്കുന്നു.<br>* പ്രീടെസ്റ്റ്<br>* മൂല്യനിർണയം<br>* റിപ്പോർട്ട് തയ്യാറാക്കൽ<br>* ഓരോ കുട്ടിയുടെയും നിലവാരം പരിഗണിച്ച് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>* വർക്ക്ഷീറ്റുകൾ നൽകുന്നു. | ക്ലാസ്ടീച്ചർ |
| ഗണിതം ലളിതം | * ഗണിത ലാബ് - ഓരോ ക്ലാസിനും ആവശ്യമായ ടീച്ചിംഗ് എയ്ഡ്സ് നിർമ്മാണ ശിൽപശാലകൾ<br>* ICT ഗെയിംസ്, പസിൽസ്<br>* മന:കണക്കുകൾക്ക് പ്രാധാന്യം നൽകി മന:കണക്ക് കളരി | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിക് ഭാഷ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മികവിലേക്ക് ഉയർത്താനുള്ള പദ്ധതി.<br><br>* ഉദ്ദേശ്യങ്ങൾ<br>1, അക്ഷരങ്ങൾ തിരിച്ചറിയൽ<br>2, ഉച്ചാരണ വൈകല്യം പരിഗണിക്കൽ<br>3, വായന<br>4 എഴുത്ത്<br>5, സർഗാത്മക പ്രവർത്തനം. | 1. അക്ഷരങ്ങൾ തിരിച്ചറിയൽ<br>* അക്ഷരങ്ങൾ തിരിച്ചറിയാത്ത കുട്ടികളെ കണ്ടെത്തി ലിസ്റ്റ് ചെയ്യുക.<br>* പരിഹാര പ്രവർത്തനങ്ങൾ താഴെ രേഖപ്പെടുത്തുന്നു.<br>* അക്ഷര കട്ടകൾ, അക്ഷര കാർഡുകൾ മുതലായവ കൊണ്ടുള്ള കളികൾ.<br>* പദങ്ങൾ എഴുതിയ കാർഡുകൾ<br>* വാചകങ്ങൾ എഴുതിയ ചാർട്ടുകൾ<br>* വർക്ക് ഷീറ്റിൽ അക്ഷരങ്ങൾക്ക് നിറം നൽകൽ<br>* കമ്പ്യൂട്ടറിൽ അക്ഷരങ്ങൾ പ്രദർശിപ്പിക്കൽ, ഉച്ചാരണം കേൾപ്പിക്കൽ<br><br>2. ഉച്ചാരണ വൈകല്യം പരിഹരിക്കൽ.<br>ഓരോരുത്തർക്കും ഉച്ചരിക്കാൻ പ്രയാസമുള്ള അക്ഷരങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തുക. | 5 മാസം | കോളം ദർപ്പണം ഉപകരണങ്ങൾ കമ്പ്യൂട്ടർ LCD പ്രൊജക്ടർ | SRG PTA രക്ഷിതാക്കൾ. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതിക | പിന്തുണ |
| --- | --- | --- | --- | --- |
| ഉച്ചാരണ വൈകല്യം പരിഹരിക്കൽ | അറബി അക്ഷരങ്ങളുടെ ഉച്ചാരണം ആവർത്തിച്ചു കേൾപ്പിക്കുക.<br>* അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന പദങ്ങളും വാചകങ്ങളും പ്രദർശിപ്പിക്കുകയും വായിച്ചു കേൾപ്പിക്കുകയും കുട്ടികൾക്ക് യഥാക്രമമായി ഉച്ചരിക്കാൻ അവസരം നൽകുകയും ചെയ്യുക.<br>* ICT ഉപയോഗപ്പെടുത്തുക.<br>* വായ, ചുണ്ട്, തൊണ്ട, നാവ് തുടങ്ങിയ അക്ഷരങ്ങൾ ഉച്ചരിക്കുന്ന സ്ഥാനങ്ങൾ നേരിട്ടും ചിത്രങ്ങൾ വീഡിയോകളും കാണിച്ചുകൊണ്ട് അക്ഷരങ്ങൾ യഥാസ്ഥാനത്ത് നിന്ന് ഉച്ചരിക്കുവാൻ പരിശീലനം നൽകുക.<br>* ശബ്ദത്തിൽ സാമ്യമുള്ള അക്ഷരങ്ങൾ ഒരേ സമയം ഉച്ചരിച്ചു കൊണ്ട് താരതമ്യം ചെയ്യാൻ അവസരം നൽകുക. | 10 മാസം<br>കുട്ടികൾ, | കമ്പ്യൂട്ടർ മൊബൈൽ ഫോൺ ചിത്രങ്ങൾ | SRG.<br>PTA.<br>Arabic Teachers<br>രക്ഷിതാക്കൾ. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന | 3. വായന<br>* വായന ശേഷി വർദ്ധിപ്പിക്കൽ<br>* ആശയം ഗ്രഹിച്ച് വായിക്കൽ<br>* നല്ല വായനക്കാരാക്കൽ<br>* ആസ്വാദന ശേഷി ഉണ്ടാക്കൽ<br>* ആകർഷകമായ വായനാകാർഡുകൾ നൽകി വായിപ്പിക്കൽ.<br>* അറബി ചിത്ര കഥകൾ, ചെറിയ കുട്ടികൾക്കുള്ള പുസ്തകങ്ങൾ വായിപ്പിക്കുക.<br>* അറബി. Text ബുക്കുകൾ ഉപയോഗപ്പെടുത്തുക.<br>* അറബിക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വായനാമത്സരം സംഘടിപ്പിക്കുക.<br>* വിവിധ നിലവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തി വായനാക്കൂട്ടം രൂപീകരിക്കുക.<br>* വായിച്ച പുസ്തകങ്ങളെ കുറിച്ച് അഭിപ്രായ പ്രകടനം നടത്താനും പ്രോത്സാഹനം നൽകുക. | 10 മാസം | പുസ്തക<br>വായന<br>കാർഡുകൾ<br>പതിപ്പ്<br>ആനുകാലികങ്ങൾ<br>കമ്പ്യൂട്ടർ | SRG<br>CRC<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതിക | പിന്തുണ |
| --- | --- | --- | --- | --- |
| എഴുത്ത് | 4 എഴുത്ത്<br>* എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.<br>* അക്ഷരങ്ങൾ വരച്ച് കാർഡ് നൽകുക.<br>* ഓരോ അക്ഷരവും പ്രത്യേകം എഴുതാനുള്ള ലേഖന ശേഷി ഉണ്ടാക്കുക.<br>* കമ്പ്യൂട്ടറിൽ എഴുതിപ്പിച്ച് ശീലിപ്പിക്കുകയും ചെയ്യുക.<br>* അറബിക്കിന്റെ അഭിവൃദ്ധിയിൽ വിവിധ ശില്പശാല, എഴുത്ത് മത്സരം, പോസ്റ്റർ നിർമ്മാണ മത്സരം മുതലായവ സംഘടിപ്പിക്കുക.<br>* ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കൈയെഴുത്ത് മാസിക ഉണ്ടാക്കുക. | 10 മാസം | വർക്ക് ഷീറ്റ്<br>മണൽ<br>ചാർട്ട്<br>കമ്പ്യൂട്ടർ | SRG<br>HM<br>രക്ഷിതാക്കൾ. |

## ദിനാചരണങ്ങൾ

സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അറബി ഭാഷയിലുള്ള പരിപാടികൾ ഉൾപ്പെടുത്തുക.

## അലിഫ് അറബിക് ക്ലബ്ബ്

സ്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അലിഫ് അറബിക് ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ ഭാഷ ശേഷി വികാസത്തിന് ഉപകരിക്കുന്ന ശില്പശാലകൾ, വിവിധ മത്സരങ്ങൾ, അറബിക് അസംബ്ലി, പതിപ്പുകൾ, കൈയ്യെഴുത്ത് മാസികകൾ മുതലായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## ലൈബ്രറി

സ്കൂൾ ലൈബ്രറിയിൽ അറബി ഭാഷയിലുള്ള കുട്ടികൾക്ക് വായിക്കാൻ കഴിയുന്ന പുസ്തകങ്ങൾ ശേഖരിക്കുകയും കുട്ടികൾ വായിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

## ബാലസഭ

എല്ലാ ബാലസഭകളിലും അറബി ഭാഷയിലുള്ള വിവിധ പരിപാടികൾ ഉൾപ്പെടുത്തുക.

## E-വായന

കമ്പ്യൂട്ടർ, ഇൻ്റർനെറ്റ് ഉപയോഗിച്ചുള്ള വായനക്ക് അവസരം നൽകുക.

## അക്കാദമിക് മാസ്റ്റർ പ്ലാൻ    ഇ.വി.എസ്

| ലക്ഷ്യം | പ്രവർത്തനം | ഭൗതികം | ചുമതല |
|---|---|---|---|
| കൗതുകവും ജിജ്ഞാസയും നിരീക്ഷണ പാടവവും പരിപോഷിപ്പിക്കൽ. | ലഘു പരീക്ഷണങ്ങൾ, സിംപിൾ മാജിക്കുകൾ, ചുറ്റുപാടുകളെ നിരീക്ഷിക്കൽ [സസ്യങ്ങൾ, ജന്തുക്കൾ പക്ഷികൾ] | സിഡി. പരീക്ഷണത്തിന് അനുയോജ്യമായ ഉപകരണങ്ങൾ | ക്ലാസ് ടീച്ചർ<br>SRG കൺവീനർ |
| ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക. | * മൂല്യനിർണയം<br>* വർക്ക് ഷീറ്റ്<br>* നിരീക്ഷണം<br>* വർഗീകരണം<br>* ശേഖരണം<br>[ചെടിയുടെ ഭാഗങ്ങൾ]<br>തായ്‌വേര്, നാര് വേര്<br>വാന നിരീക്ഷണം<br>ഗ്രഹങ്ങളെ കുറിച്ചുള്ള പഠനം. | | സയൻസ് ക്ലബ്ബ് കൺവീനർ |
| നിരന്തരമായ അന്വേഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തുന്നു. | ചാന്ദ്ര നിരീക്ഷണം<br>ചർച്ച ICT സാധ്യത<br>പഠനയാത്രകൾ സംഘടിപ്പിക്കുന്നു. ശാസ്ത്ര മാസികകൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ക്ലാസുകൾക്ക് അനുയോജ്യമായത്. | | |

| | | | |
|---|---|---|---|
| പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നു. | ക്ലാസ്സുകൾക്ക് അനുയോജ്യമായത് തിരഞ്ഞെടുക്കുന്നു.<br>ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>വാനനിരീക്ഷണം, മഴ, കാറ്റ് ഇടി, മിന്നൽ തുടങ്ങി വ്യത്യസ്ത കാലങ്ങൾ മനസ്സിലാക്കുന്നു.<br>ചുറ്റുപാടുകൾ നിരീക്ഷിക്കുന്നു. | ഹ്രസ്വകാലം | |
| പ്രകൃതിയിലെ മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർണമാക്കുക. | ചർച്ച - പ്രകൃതിയുടെ നാശം, ധാരണ വളർത്തൽ കുന്നും മലയും ഇടിച്ചു നിരത്തൽ, വയലുകളും കുന്നുകളും കുളങ്ങളും നികത്തൽ മണൽ വാരൽ, ആവാസ വ്യവസ്ഥ നശിപ്പിക്കൽ | ചാർട്ടുകൾ പത്രകട്ടിങ്ങുകൾ. | |
| ദൈനം ദിന ജീവിതവുമായി പഠനം ബന്ധപ്പെടുത്തുന്നു. | റോഡുനിയമങ്ങൾ, റോഡ് അപകടങ്ങൾ - ചർച്ച.<br>അടയാളങ്ങൾ, മുന്നറിയിപ്പുകൾ, സിഗ്നൽ ലൈറ്റ് നിർമാണം. | | |

## C.W.S.N കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

* സ്കൂൾ പരിസരത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ സ്കൂളിൽ ചേരാത്തവരായി ആരും ഇല്ല എന്ന് ഒന്ന് കൂടി ഉറപ്പാക്കും.
* അങ്ങനെയുള്ള കുട്ടികളുണ്ടെങ്കിൽ അവരെ സ്കൂളിൽ എത്തിക്കാൻ ശ്രമിക്കും.
* ഐ.ഇ.ഡി.സി അധ്യാപകർക്ക് വേണ്ട പിന്തുണ നൽകും.
* കുട്ടികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തും.
* മറ്റു കുട്ടികളുടെ പെരുമാറ്റം. ബോധവൽക്കരണം നടത്തും.

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആരോഗ്യം

കുട്ടികൾക്ക് സമൃദ്ധമായ പോഷകാഹാരം ലഭ്യമാക്കുന്നുണ്ട്. ഉച്ചഭക്ഷണത്തിൽ എല്ലാ വിധ പച്ചക്കറികളും മുട്ട, പയറുവർഗങ്ങൾ, മീൻ, ഇറച്ചി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

* കായിക ശേഷി വർധിപ്പിക്കുന്നതിന് വേണ്ടി Aerobics പരിശീലനം.
* വ്യായാമം - യോഗ പരിശീലനം
* കളികൾ
* സ്പോർട്സ് ഡേ
* സുംബ ഡാൻസ്
* ആരോഗ്യ സർവേ

# പ്രവൃത്തി പരിചയം

## പ്രവൃത്തി പരിചയ ശിൽപശാല

പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ (കുടനിർമ്മാണം, Puppet നിർമ്മാണം etc.)

## ഒറിഗാമി

ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ.

## സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ

* പി ടി എ യോഗങ്ങൾ
* മാസം തോറും CPTA
* ഭവന സന്ദർശനം
* ഉച്ചഭക്ഷണ പരിപാടികളിലെ പങ്കാളിത്തം
* ശിൽപശാലകൾ
* ബോധവൽക്കരണ ക്ലാസുകൾ
* പൂർവ വിദ്യാർത്ഥി കൂട്ടായ്മ
* വാർഷികം
* ദിനാചരണങ്ങളിലെ പങ്കാളിത്തം
* വിനോദയാത്രകളിലെ പങ്കാളിത്തം

## പരിസ്ഥിതി ശുചിത്വം പ്രാദേശിക വിഭവ സംരക്ഷണം

### നിലവിൽ - അവലോകനം

### ഗ്രീൻ പ്രോട്ടോക്കോൾ വിദ്യാലയം - പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്

* എല്ലാ ക്ലാസുകളിലും തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കുന്നു.
* 2 വാട്ടർ പ്യൂരിഫയറുകൾ (6 ടാപ്പ്) സ്ഥാപിച്ചിട്ടുണ്ട്.
* ടോയ്‌ലറ്റുകൾ, യൂറിനലുകൾ - സോപ്പ്, വെള്ളം ലഭ്യത ഉറപ്പ് വരുത്തുന്നു. വൃത്തിയായി സൂക്ഷിക്കുന്നു.
* ബയോഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം ആരംഭിച്ചിരിക്കുന്നു. തണൽ മരങ്ങൾ, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നു.

### ഭാവി പ്രവർത്തനങ്ങൾ

* സ്കൂൾ പരിസരവും കോമ്പൗണ്ടിനുള്ളിലും പ്ലാസ്റ്റിക് ദുരുപയോഗം നിർത്തലാക്കുന്നതോടൊപ്പം പുറത്തും നിർത്തലാക്കാൻ ശ്രമിക്കും.
* സ്കൂൾ പരിസരവും വീടും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കായി ബോധവൽക്കരണ ക്ലാസ്.
* എയറോബിക് സംവിധാനം ശരിയായി ഉപയോഗിക്കും.
* മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി തന്നെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

* മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്.
* കുട്ടി - കുടുംബം - പരിസരം - വീടുകൾ - നാട് - ശുചിത്വമുള്ള സ്കൂൾ - ശുചിത്വമുള്ള നാട് - (ദീർഘകാല പ്രവൃത്തി) - ഈ ഗ്രാമം ഒന്നാകെ ശുചിത്വ ഗ്രാമമായി മാറുന്നു.

## പുതുതായി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ

* പ്രധാന കെട്ടിടം രണ്ട് നിലയായി പണിത് മുകളിൽ കോൺഫറൻസ് ഹാൾ, ക്ലാസ് റൂം ആക്കുക
* ആധുനിക സൗകര്യങ്ങളോടെ റീഡിംഗ് റൂം, ലൈബ്രറി ഹാൾ
* ഡൈനിംഗ് ഹാൾ
* എല്ലാ ക്ലാസ്റൂമും ഹൈടെക്കാക്കുക
* ഓഡിറ്റോറിയം
* പഴയ കെട്ടിടം പുതുക്കി രണ്ട് നിലയായി പണിത് എൽ.കെ.ജി, യു.കെ.ജി ക്ലാസ്.
* ലഘുപരീക്ഷണ ശാല, ലാബ് സൗകര്യം, പ്രത്യേക റൂം.
* സ്കൂളിൽ അഞ്ചാം ക്ലാസ് തുടങ്ങണം - ആവശ്യമായ ക്ലാസ്മുറികൾ
* ടോയ്‌ലറ്റ് മെയ്ന്റനൻസ് / നിർമ്മാണം

# മോണിട്ടറിംഗ് സമിതി

അംഗങ്ങൾ

ചോക്കാട് ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ, ഗ്രാമപഞ്ചായത്ത് മെമ്പർ, പ്രധാനാധ്യാപകൻ, SRG കൺവീനർ, പി.ടി.എ പ്രസിഡന്റ്, SMC ചെയർമാൻ, സീനിയർ അസിസ്റ്റന്റ് എന്നിവർ അംഗങ്ങളായ മോണിട്ടറിംഗ് സമിതി ആവശ്യഘട്ടങ്ങളിലെല്ലാം പൊതുവെയും മൂന്ന് ടേമുകളിലെ പരീക്ഷകൾക്ക് ശേഷം പ്രത്യേകിച്ചും പഠനപ്രവർത്തനങ്ങൾ വിലയിരുത്തുകയും പരിഹാര നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്.